# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2055  10.10.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരമുള്ള താൽക്കാലിക നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) പദ്ധതികൾ താഴെ കൊടുക്കുന്നു.<br>1. ജെ.എസ്.വൈ<br>2. വാർഡ് ഹെൽത്ത് സാനിറ്റേഷൻ<br>3. വാർഡ് ഹെൽത്ത് ന്യൂട്രീഷൻ ഡേ<br>4. പെയ്ൻ ആന്റ് പാലിയേറ്റീവ്<br>5. ജെൻഡർ ബേയ്സ് വയലൻസ് പ്രോഗ്രാം<br>6. സ്കൂൾ ഹെൽത്ത് പ്രോഗ്രാം<br>7. എൻ.എ.ബി.എൽ<br>8. അർബൻ ആർ.സി.എച്ച്.പ്രോഗ്രാം |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യകേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താറുണ്ടോ ; | (ബി) ഉണ്ട്. |
| (സി) അപ്രകാരം സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തിയ ലിസ്റ്റ് നിലവിലുണ്ടോ ; | (സി) തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ അപ്രകാരം ഒരു ലിസ്റ്റ് നിലവിൽ ഇല്ല. പ്രസ്തുത തസ്തികയിൽ സർക്കാർ നേഴ്സിംഗ് സ്കൂളുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ ബോണ്ട് പരിധിയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നാണ് നിയമനം നടത്തുന്നത്.<br>കൊല്ലം ജില്ലയിൽ ഒരു സ്കൂളിൽ നിന്നും പഠിച്ച് പാസ്സായ ബോണ്ടഡ് കുട്ടികളെ കൗൺസിലിംഗ് നടത്തി ലിസ്റ്റ് തയ്യാറാക്കി വച്ചിട്ടുണ്ട്. ആയതുകൊണ്ട് ജില്ലയിൽ നാളിതു വരെ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം പി.എസ്.സി യിൽ നിന്ന് സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടില്ല.<br>പത്തനംതിട്ട ജില്ലയിൽ ഗവ.നഴ്സിംഗ് സ്കൂൾ ഇലന്തൂരിൽ നിന്നും പഠിച്ച നേഴ്സുമാരെ ബോണ്ടഡ് അടിസ്ഥാനത്തിൽ ആണ് നിയമിച്ചിരിക്കുന്നത്. അവർക്ക് കൗൺസിലിംഗ് നടത്തിയാണ് നിയമനം നടത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | | | കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലിസ്റ്റ് നിലവിലുണ്ട്.<br>വയനാട് ജില്ലയിൽ നേഴ്സുമരെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തിയ ലിസ്റ്റ് തീർന്നതിനാൽ അടുത്ത ഇന്റർവ്യൂ നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | താലൂക്ക്, ജില്ലാ ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (ഡി) | ഉണ്ട്. അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പി.എസ്.സി യുടെ സ്റ്റാഫ് നഴ്സ് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഉത്തരം തിരുവനന്തപുരം ജില്ലയിൽ ഉണ്ട്.

കൊല്ലം ജില്ലയിൽ ഉണ്ട്,
(ഇടുക്കി ജില്ലയിൽ ഉണ്ട്
മലപ്പുറം ജില്ലയിൽ ഉണ്ട്
എറണാകുളം ജില്ലയിൽ ഇപ്പോൾ നിയമിക്കുന്നില്ല്. ആർ എസ് ബി വൈ മുഖേനയാണ് നിയമനം നടത്തുന്നത്.

താലൂക്ക്, ജില്ലാ ആശുപത്രികളിൽസ്റ്റാഫ് നേഴ്സുമാരെ താല്കാലികാടിസ്ഥാനത്തിൽനിയമനം നടത്തിയിട്ടുണ്ട്. ആർഎസ് ബി വൈ സ്കീം നിലവിലുള്ള സ്ഥാപനങ്ങളിൽആർഎസ് ബി വൈ ഹെഡിൽനിന്നും താല്ക്കാലികാടിസ്ഥാനത്തിൽനിയമനം നടത്താവുന്നതാണ്. ആർഎസ് ബി വൈ ഹെഡിൽമതിയായ പണം ഇല്ലാത്ത സ്ഥാപനങ്ങളിൽഎൻആർഎച്ച് എം മുഖേന താൽകാലിക നിയമനം നടത്തി വരാറുണ്ട്.

തൃശൂർ ജില്ലയിൽ ആർ എസ് ബി വൈ /ചിസ്സ് പദ്ധതികൾ നിലവിൽ വന്നതിനാൽ താലൂക്ക് ജില്ലാ ആശുപത്രികളുൽ സ്റ്റാഫ് നഴ്സുമാരെ എൻ ആർ എച്ച് എം വഴി നിയമിക്കാറില്ല സർക്കാർ ഉത്തരവിനും ഇത് ഒ ( എം എസ്സ് ) 540/2008/ എച്ച് & എഫ് ഡബ്യു തീയതി 16.10.2008 പ്രകാരം ആർ എസ്സ് ബി വൈ ഫണ്ട് ഉപയോഗിച്ച് ആവശ്യമുള്ള ജീവനക്കാരെ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് അധികാരമുണ്ട്.

പാലക്കാട് ജില്ലയിൽ ഇല്ല. ജില്ലാ താലുക്ക് ആശുപത്രികളിൽ 15.10.2010 തീയതികളിലെ ജി ഒ 26094/എം2/2010/എച്ച് &എഫ് ഡബ്ല്യു ഡി ാ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സമഗ്ര ആരോഗ്യ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് അതാത് ആശുപത്രി നിർവഹണ സമിതി മുഖാന്തിരമാണ് നേഴ്സുമാരെ നിയമിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ താലൂക്ക് ജില്ലാ ആശുപത്രികളിൽ എൻ ആർ എച്ച് എം നു കീഴിൽ സ്റ്റാഫ് നേഴ്സുമാരെ താല്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ താലൂക്ക് ജില്ലാ ആശുപത്രികളിൽ സ്റ്റാഫ് നേഴ്സുമാരെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്

കണ്ണൂർ ജില്ലയിൽ ആർ എസ് ബി വൈ ഫണ്ട് മതിയായ ആവശ്യത്തിനുള്ള താലൂക്ക് ജില്ലാ ആശുപത്രികളിൽ എൻ ആർ എച്ച് എം മുഖേന സ്റ്റാഫ് നേഴ്സുമാരെ താൽകാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല

കാസർകോഡ് ജില്ലയിൽ താലൂക്ക് ' ആശുപത്രിയിൽ സ്റ്റാഫ് നഴ്സുമാരെ താല്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ജില്ലാ ആശുപത്രിയിൽ എൻ ആർ എച്ച് എം വഴി നിയമനം നടത്താറില്ല കാരണം ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം ആർ എസ് ബി വൈ വഴിയാണ്.

ആലപ്പുഴ ജില്ലയിൽ ഇല്ല. താലൂക്ക് ജില്ലാ ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാരെ അവിടുത്തെ എച്ച് എം സി യാണ് നിയമിക്കുന്നത്. ആർ എസ് ബി വൈ ഫണ്ട ഉപയോഗിച്ച് ഇവർക്ക് ശമ്പളം കൊടുക്കുന്നത്.

SO